Circular No. 172
Presbyterium &
Annual Retreat 2015

Catholic Metropolitan House
P.B. No. 71, Kottayam
Kerala, India-686001

Date: 09-07-2015

പ്രിയ ബഹു. അച്ചാ,

നമ്മുടെ വൈദിക കൗൺസിൽ തീരുമാനിച്ചതനുസരിച്ച് അതിരൂപതാ വൈദിക കൂട്ടായ്മ 2015 ആഗസ്റ്റ് 3-ാം തീയതി സംഘടിപ്പിക്കുന്ന വിവരം മുൻകൂട്ടി അറിയിച്ചിരുന്നല്ലോ. ആഗസ്റ്റ് 3-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ തൂവാനിസയിലാണ് പ്രെസ്ബിറ്റേറിയം ചേരുന്നത്. ബഹു. അച്ചനെ പ്രെസ്ബിറ്റേറിയത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ ബഹു. വൈദികരും പ്രെസ്ബിറ്റേറിയത്തിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികരേയും ഈ വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

പ്രെസ്ബിറ്റേറിയത്തിന്റെ വിജയത്തിനായി തുടർന്നും പ്രാർത്ഥിക്കുമല്ലോ. അന്നേദിവസം ചർച്ച ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് ബഹു. അച്ചൻ നിർദ്ദേശങ്ങൾ അറിയിച്ചാൽ ഉപകാരമായിരുന്നു. കൂടാതെ നമ്മുടെ അജപാലനശുശ്രൂഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉത്തരങ്ങളോ തീരുമാനങ്ങളോ ലഭിക്കേണ്ടതുണ്ടെങ്കിൽ ചോദ്യങ്ങൾ മുൻകൂട്ടി അറിയിച്ചാൽ അന്നേദിവസം മറുപടി ലഭ്യമാക്കുന്നതിന് സഹായിക്കും.

പ്രെസ്ബിറ്റേറിയത്തെ തുടർന്ന് 3-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 6 മണി മുതൽ 7-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണി വരെ തൂവാനിസയിൽ വച്ചുതന്നെ വാർഷികധ്യാനം ക്രമീകരിക്കുകയാണ്. ഈ വർഷം എല്ലാ ബഹു. വൈദികർക്കും ഒരുമിച്ചാണ് ധ്യാനം സംഘടിപ്പിക്കുന്നത്. ദിവ്യകാരുണ്യ മിഷനറി സഭാംഗമായ ബഹു. ജോമോൻ കൊച്ചുകണിയാപറമ്പിലച്ചൻ ധ്യാനത്തിന് നേതൃത്വം നൽകും. എല്ലാ ബഹു. വൈദികരും പ്രസ്തുത ധ്യാനത്തിൽ മുഴുവൻ സമയവും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

വാർഷിക ധ്യാനത്തിനെത്തുമ്പോൾ കുർബ്ബാന കണക്കുകൾ തയ്യാറാക്കി പസ്തേന്തിയോടൊപ്പം ആദ്യദിവസം തന്നെ അഭിവന്ദ്യ പിതാവിന്റെ അംഗീകാരത്തിനായി സമർപ്പിക്കണം. ധ്യാന ചിലവുകൾക്കായി അഭിവന്ദ്യ പിതാവിന്റെ നിയോഗാർത്ഥം 5 കുർബ്ബാനയും പരേതരായ അഭിവന്ദ്യ പിതാക്കന്മാർക്കും ബഹു. വൈദികർക്കുമായി ഒരു കുർബ്ബാനയും അർപ്പിക്കേണ്ടതാണ്. ബഹു. വൈദികരുടെ മെഡിക്കൽ ഫണ്ടിലേക്ക് എല്ലാ ബഹു. വൈദികരും 24 കുർബ്ബാനയർപ്പിക്കണം(ഇതിൽ 12 കുർബ്ബാന ബൈനേഷൻ ആകാവുന്നതാണ്). കൂടാതെ, വിൽപത്രം തയ്യാറാക്കാത്ത ബഹു. വൈദികർ തയ്യാറാക്കിയതും പുതുക്കുവാൻ ആഗ്രഹിക്കുന്നവർ പുതുക്കിയതും ധ്യാനാവസരത്തിൽ അഭിവന്ദ്യ പിതാവിനെ ഏൽപ്പിക്കുമല്ലോ.

പ്രെസ്ബിറ്റേറിയത്തിലും വാർഷിക ധ്യാനത്തിലും ഏതെങ്കിലും കാരണങ്ങളാൽ പങ്കെടുക്കുവാൻ കഴിയാത്ത ബഹു. വൈദികർ ജൂലൈ 25 നകം അഭിവന്ദ്യ പിതാവിനെ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്.

പ്രാർത്ഥനാശംസകളോടെ,

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
പ്രൊ - പ്രോട്ടോസിഞ്ചെല്ലൂസ്